Vol. 01 / No. 01 2025 December 21

# CATHEDRAL News

THE ONLINE OFFICIAL NEWS BULLETIN

## എഡിറ്റോറിയൽ

മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രൽ ചരിത്രത്തിൽ പിന്നിട്ട നാൾവഴികൾ അനുഗ്രഹങ്ങളുടെയും ദൈവത്തിന്റെ കരുതലിന്റെയും കഥകൾ വിളിച്ചു പറയുന്നുണ്ട്. കാലം മുന്നോട്ടുവെച്ച എല്ലാ പ്രതിസന്ധികളെയും ദൈവാശ്രയത്തോടെ അതിജീവിച്ചാണ് ഇന്നുകാണുന്ന നിലയിൽ ഇടവക എത്തിയത്. മൂവാറ്റുപുഴ പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന ദേവാലയത്തിൽ കോലഞ്ചേരി, ആലുവ, കോതമംഗലം, തൊടുപുഴ, കൂത്താട്ടുകുളം വരെ വ്യാപിച്ചു കിടക്കുന്ന കുടുംബങ്ങളുണ്ട്. ഞായറാഴ്ചയിലെ രണ്ടു വി. കുർബാനകളിലായി വന്നുപോകുന്ന ആളുകൾ പരസ്പരം കാണുന്നതും സംസാരിക്കുന്നതും പീഡാനുഭവ വാരാചാരണ ആരാധനകളിലും, വലിയ പെരുന്നാളിലും കൂടാതെ ഇടവകയുടെ പൊതുവായ മറ്റു പരിപാടികളിലുമാണ്. പ്രാർത്ഥന യോഗങ്ങളും, ഭവനങ്ങളിലേക്കുള്ള കരോൾ സന്ദർശനവും, പ്രത്യേകാൽ ഈ വർഷം സംഘടിപ്പിച്ച കുടുംബസംഗമവും ഇടവക ജനങ്ങളുടെ കൂട്ടായ്മയ്ക്ക് വഴിയൊരുക്കി. എങ്കിലും ഇടവകയിലെ വിശേഷങ്ങൾ പൊതുവിൽ അറിയുവാനും ആധ്യാത്മീക അഭിവൃദ്ധിക്കുതകുന്നതായ ആശയങ്ങൾ ഉൾക്കൊള്ളുന്ന നല്ല എഴുത്തുകൾ പങ്കുവെയ്ക്കുവാനും ഒരു പ്രസിദ്ധീകരണം വേണമെന്നത് കുറേകാലമായുള്ള ആഗ്രഹമായിരുന്നു. ആ ഉദ്ദേശത്തോടെ ഇന്ന് 'കത്തീഡ്രൽ ന്യൂസ്' (Cathedral News) എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഈ ഓൺലൈൻ ത്രൈമാസിക ഇടവകയ്ക്കായി സമർപ്പിക്കുന്നു. ഈ ഉദ്യമം ഇടവകയുടെ നന്മയ്ക്കും വളർച്ചയ്ക്കും അനുഗ്രഹത്തിനും കാരണമായിത്തീരട്ടെ.

**ഫാ. സിബി മാത്യു വർഗീസ്**
ചീഫ് എഡിറ്റർ


## EDITORIAL BOARD

Chairman
Fr. Abraham Karamel

Chief Editor
Fr. Sibi Mathew Varghese

Editor
Mr. Davis John

Members
Mr. Baisy George

Mr. Eldhose John

Dr. Nishin John

Mr. Thomas John

Dr. Naveen Jacob

Mrs. Jisha Anil

Mr. Joshy Daniel

Mrs. Mereya Ajith




## കത്തീഡ്രൽ ന്യൂസ്:
## സ്നേഹകൂട്ടായ്മയുടെ സുവിശേഷം

ദൈവനാമം മഹത്വപ്പെടട്ടെ

പ്രിയപ്പെട്ട ഇടവകാംഗങ്ങളെ,

നമ്മുടെ സെന്റ് തോമസ് കത്തീഡ്രലിന്റെ ചരിത്രത്തിൽ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിക്കുകയാണ്. ഈ വർഷം പെരുന്നാളിനോട് അനുബന്ധിച്ച് നമ്മുടെ ദൈവാലയത്തിന്റെ കൈയൊപ്പ് പതിഞ്ഞ മറ്റൊരു സംരംഭത്തിന് കൂടി ഇവിടെ തുടക്കം കുറിക്കുകയാണ്. ഇടവകയിലെ വാർത്തകളും അറിയിപ്പുകളും വിശേഷങ്ങളും എല്ലാ അംഗങ്ങളിലേക്കും ഒരുപോലെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ '**കത്തീഡ്രൽ ന്യൂസ്**' എന്ന ത്രൈമാസ വാർത്താപത്രിക (Quarterly News Bulletin) പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. നമ്മുടെ പള്ളിയിൽ ഇത്തരമൊരു സംരംഭം ആദ്യമായാണ് എന്നത് ഈ നിമിഷത്തിന്റെ മാറ്റുകൂട്ടുന്നു.

ഒരു ഇടവക എന്നത് കേവലം കെട്ടിടങ്ങളല്ല, മറിച്ച് സ്നേഹത്തിലും വിശ്വാസത്തിലും കോർക്കപ്പെട്ട മനുഷ്യരുടെ കൂട്ടായ്മയാണ്. ഈ കൂട്ടായ്മയെ കൂടുതൽ ദൃഢമാക്കാൻ വാർത്താവിനിമയത്തിനുള്ള ഇത്തരം ഉപാധികൾ അത്യന്താപേക്ഷിതമാണ്. പള്ളിയിൽ നടപ്പിലാക്കുന്ന വിവിധ കർമ്മപദ്ധതികൾ, ഓരോ പ്രാർത്ഥനാ ഗ്രൂപ്പുകളിലും നടക്കുന്ന പ്രവർത്തനങ്ങൾ, നമ്മുടെ ഇടവകാംഗങ്ങളുടെ ലേഖനങ്ങളും മറ്റ് സൃഷ്ടികളും, അംഗങ്ങളുടെ ശ്രദ്ധേയമായ നേട്ടങ്ങൾ, സഭയുടെയും ഇടവകയുടെയും ഔദ്യോഗിക അറിയിപ്പുകൾ എന്നിവയെല്ലാം നമ്മുടെ ഈ ബുള്ളറ്റിനിലൂടെ ഇനി നിങ്ങളുടെ കൈകളിലെത്തും.

ഈ ഉദ്യമത്തിന് അനുഗ്രഹങ്ങൾ നൽകിയ നമ്മുടെ അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്തയ്ക്കും, ഇതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി നമ്മെ നയിക്കുന്ന ബഹുമാനപ്പെട്ട വികാരിയച്ചനും, അദ്ദേഹത്തോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്ന സഹവികാരിയച്ചനും, പിൻബലമേകുന്ന അഡ്വൈസറി കമ്മിറ്റിക്കും, ഇതിന്റെ പിന്നിൽ പ്രയത്നിച്ച എഡിറ്റോറിയൽ ടീമിനും എന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

'**കത്തീഡ്രൽ ന്യൂസ്**' നമ്മുടെ ഓരോരുത്തരുടെയും ശബ്ദമായി മാറട്ടെ. ഈ പ്രസിദ്ധീകരണം നമ്മുടെ ഇടവകയുടെ ഐക്യത്തിനും വളർച്ചയ്ക്കും വലിയൊരു മുതൽക്കൂട്ടാകട്ടെ എന്ന് ഞാൻ പ്രത്യാശിക്കുന്നു.

'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു... നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുൻപിൽ പ്രകാശിക്കട്ടെ; അവർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു തന്നെ.' (മത്തായി 5:14-16).

കത്തീഡ്രൽ ന്യൂസിന്റെ എല്ലാ ലക്കങ്ങൾക്കും, വായനക്കാർക്കും എന്റെ സ്നേഹം നിറഞ്ഞ ആശംസകൾ!

സ്നേഹപൂർവ്വം,

**എൽദോസ് ജോൺ കൂനംപേഴുങ്കൽ**
സെക്രട്ടറി, സെന്റ് തോമസ് കത്തീഡ്രൽ, മൂവാറ്റുപുഴ



## ഓർമ്മപ്പെരുന്നാൾ

കണ്ടനാട് ഭദ്രാസന മെത്രാപോലീത്തയും, പൗരസ്ത്യ കാതോലിക്കയും ആയിരുന്ന പരി. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവയുടെ 50-ാം ഓർമ്മപെരുന്നാൾ മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽ ആചരിച്ചു. രാവിലെ 6.30 ന് പ്രഭാത നമസ്കാരവും 7 മണിക്ക് വി. കുർബാനയും, അനുസ്മരണ പ്രാർത്ഥനയും നേർച്ച വിളമ്പും ഉണ്ടായിരുന്നു.

## പെരുന്നാൾ ശുശ്രൂഷ







സെന്റ് തോമസ് കത്തീഡ്രൽ പള്ളിയുടെ പ്രധാന പെരുന്നാളായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹയുടെ ഓർമ്മപ്പെരുന്നാളിന് കൊടിയേറി. സഹവികാരി ഫാ. സിബി മാത്യു വർഗീസ് കൊടിയുയർത്തുന്നു. ഫാ. എബ്രഹാം കാരാമേൽ, ഫാ. കുര്യാക്കോസ് എന്നിവർ സമീപം.

## മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ ഓർമ്മപ്പെരുന്നാൾ കൊടിയേറി

സെന്റ് തോമസ് കത്തീഡ്രൽ പള്ളിയുടെ പ്രധാന പെരുന്നാളായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹയുടെ ഓർമ്മപ്പെരുന്നാളിന് കൊടിയേറി. സഹവികാരി ഫാ. സിബി മാത്യു വർഗീസ് കൊടിയുയർത്തി. വികാരി ഫാ. എബ്രഹാം കാരാമേൽ, ഫാ. കുര്യാക്കോസ് എന്നിവർ സഹകാർമ്മികരായി. പെരുന്നാൾ ശുശ്രൂഷകൾക്ക് കണ്ടനാടി ഈസ്റ്റ് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ അത്താനാസിയോസ് , കോട്ടയം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് എന്നിവർ കാർമ്മികരാകും.

20.12.25, 7 ന് പ്രഭാതപ്രാർത്ഥന, 7.30 ന് വി. കുർബാന-ഫാ. ജെറി തോമസ് ചാക്കോയുടെ കാർമ്മികത്വത്തിൽ നടക്കും. 6 ന് സന്ധ്യാപ്രാർത്ഥന, വചനശുശ്രൂഷ, ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് മുഖ്യകാർമ്മികനാകും. 7.30 ന് ആരക്കുഴ റോഡിലുള്ള ചിഷലിലേക്ക് പ്രദക്ഷിണം, 8.30 ന് ആശീർവാദം, സ്നേഹവിരുന്ന്.

21.12.25, ന് 7.30 ന് പ്രഭാതപ്രാർത്ഥന, 8.30 ന് വി. കുർബാന-ഡോ. യൂഹാനോൻ മാർ ദികസ്കോറസ് മുഖ്യകാർമ്മികനാകും. 10.30 ന് പ്രദക്ഷിണം, 11 ന് ആശീർവാദം, നേർച്ചസദ്യ.

24.12.25, ജനനപ്പെരുന്നാൾ ശുശ്രൂഷകൾ, 7 ന് സന്ധ്യാപ്രാർത്ഥന, 8 ന് രാത്രിനമസ്കാരം, 9 ന് പ്രദക്ഷിണം, 10 ന് കുർബാന, സ്നേഹവിരുന്ന്.



വനിതാസമാജം ക്രിസ്മസ്കാല സമ്മേളനത്തിൽ സ്കിറ്റ് അവതരിപ്പിച്ച കത്തീഡ്രൽ വനിതാ സമാജം അംഗങ്ങൾ.

## ഇടവകദിനവും കുടുംബസംഗമവും

നമ്മുടെ ഇടവകദിനവും കുടുംബസംഗമവും (സാന്തോം മീറ്റ് '25) 2025 നവംബർ 23-ാം തീയതി ഞായറാഴ്ച അനുഗ്രഹകരമായി നടന്നു. ഇടവകയിലെ എല്ലാ കുടുംബങ്ങളും ഒരുമിച്ചുകൂടുന്ന സംഗമം വിപുലമായ പരിപാടികളോടെയാണ് സംഘടിപ്പിച്ചത്. ഇടവക മെത്രാപോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് വി. കുർബാന അർപ്പിച്ചു. പ്രമുഖ പ്രഭാഷക ശ്രീമതി. ഗ്രേസ്‌ലാൽ കുടുംബ നവീകരണ ക്ലാസ് നയിച്ചു. ഇടവകയിലെ പ്രാർത്ഥനയോഗങ്ങളിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്ത കലാമത്സരങ്ങൾക്ക് റവ. ഫാ. ഷാനു എബ്രഹാം നേതൃത്വം നൽകി. വിവിധ ദേശങ്ങളിലും സംസ്കാരങ്ങളിലുമുള്ള കുരിശുകൾ വേദപുസ്തകൾ എന്നിവ പ്രദർശിപ്പിക്കുന്ന റവ. ഫാ. എബ്രഹാം കോശി ക്യൂറേറ്ററായിട്ടുള്ള ഫിലോബിബ്ലിക്ക എക്സിബിഷനും, വന്യജീവി ഫോട്ടോഗ്രഫി പുരസ്കാര ജേതാവ് ശ്രീ. ജോർജിന്റെ ഫോട്ടോ പ്രദർശനവും പ്രധാന ആകർഷണമായിരുന്നു. പ്രാർത്ഥന യോഗങ്ങളുടെ നേതൃത്വത്തിൽ ഫുഡ് സ്റ്റാളുകളും മറ്റു വിപണന സ്റ്റാളുകളും പ്രവർത്തിച്ചു. സെക്രട്ടറി ശ്രീ. എൽദോസ് ജോൺ ഫിനാൻസ് സുപ്രണ്ട് ശ്രീ. ബെയ്സി ജോർജ്, ജനറൽ കൺവീനറുമാരായ ശ്രീ. തോമസ് ജോൺ, ശ്രീ. അൽസ തമ്പി എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു. അഞ്ഞൂറിൽ അധികം ആളുകൾ ഈ സംഗമത്തിൽ സംബന്ധിച്ചു. പ്രാർത്ഥനയോഗങ്ങൾക്കായി സംഘടിപ്പിച്ച കലാ-കായിക മത്സരങ്ങളിൽ കോട്ടയം റോഡ് പ്രാർത്ഥനാഗ്രൂപ്പ് ഓവറോൾ ചാമ്പ്യന്മാരായി.




കണ്ടനാട് ഈസ്റ്റ് ഭദ്രാസനം മർത്തമറിയം വനിതാസമാജത്തിന്റെ ക്രിസ്മസ്കാല സമ്മേളനം 'നീഹാരം' ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം ചെയ്യുന്നു.

## വനിതാസമാജം ക്രിസ്മസ്കാല സമ്മേളനം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനം മർത്തമറിയം വനിതാസമാജത്തിന്റെ ക്രിസ്മസ്കാല സമ്മേളനം 'നീഹാരം' 2025 ഡിസംബർ 6, ശനിയാഴ്ച രാവിലെ 9.30 മുതൽ നമ്മുടെ ദേവാലയത്തിൽ നടത്തപ്പെട്ടു. ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്നുള്ള 400 ഓളം വനിതകൾ സമ്മേളനത്തിൽ സംബന്ധിച്ചു. വനിതാസമാജ അംഗങ്ങളുടെ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

ലേഖനം

ഫാ. അജീഷ് ബാബു



# വാചാലമാകുന്ന പിറവി

നിറഞ്ഞുനിൽക്കുന്ന ഇരുട്ടിൽ ആദിയിൽ കാറ്റ് ജലത്തെ ചലിപ്പിച്ചു അതിന്റെ മേൽ ജീവനുള്ള ശബ്ദം വളരെ ശാന്തമായി എത്തി. സൃഷ്ടിയെക്കുറിച്ച് അതി മനോഹരമായി ഉല്പത്തിയുടെ പുസ്തകം പറഞ്ഞു വെക്കുന്നത് വാക്കും ചലനവും തമ്മിലുള്ള ബന്ധമാണ്. രക്ഷകപിറവിയുടെ കാലത്തും സൃഷ്ടിക്കുമേലെ ദൈവ ത്തിന്റെ വാക്കുകൾ വെളിപ്പെട്ടു വരുന്നു. അരുളപ്പാടുകൾ ഉണ്ടാക്കുന്ന ഒരു ചലനമുണ്ട്. ആ ചലനങ്ങളുടെ വേഗത യിലേക്കാണ് വിരൽ ചൂണ്ടുന്നത് രക്ഷകന്റെ പിറവി ദിനം. മനുഷ്യജീവിതം ഇന്നുവരെ തിരിച്ചറിയാത്ത രഹസ്യങ്ങളി ലേക്കുള്ള വേഗതയാണ് ഈ അരുളപ്പാടുകൾ എല്ലാം വെളിവാക്കുന്നത്. ദൈവം പറഞ്ഞിട്ട് എടുക്കുന്ന തീരുമാ നങ്ങളും നടത്തുന്ന യാത്രകളും സൃഷ്ടിക്കുന്ന പ്രത്യക്ഷ തയിൽ അർത്ഥം തിരിക്കുവാൻ കഴിയാത്ത നിഗൂഢത കളുണ്ട്.

**നക്ഷത്രങ്ങൾ:**

നക്ഷത്രങ്ങൾ പതിവിലും വല്ലാതെ മിന്നുന്നു. അതിനു കാരണം തങ്ങളുടെ പ്രകാശം എല്ലാ ദിവസത്തേ ക്കാൾ അധികമായി ഇന്ന് ഭൂമിക്ക് വേണം. രക്ഷകനിലേക്ക് നടക്കുന്ന മനുഷ്യർക്ക് ഈ ഭൂമിയിൽ കൂടി സഞ്ചരിക്കാൻ നക്ഷത്രങ്ങൾ അങ്ങനെ തങ്ങളുടെ പരമാവധി വെളിച്ചം ഭൂമിക്കു നൽകി. ചില നക്ഷത്രങ്ങൾ വഴികാട്ടിയായി. തങ്ങളുടെ പ്രകാശത്തിൽ ഭൂമിയിലേക്ക് നിലയ്ക്കാത്ത സംഗീതം മാലാഖമാർ പാടുമ്പോൾ ഈ ഭൂമിയെ ദൈവം ഇത്രമാത്രം സ്നേഹിച്ചിരുന്നുവെന്ന് വല്ലാതെ ഓർത്തു പോകും.

**ഇടയന്മാർ:**

ഇടയന്മാരുടെ യാത്ര ക്രിസ്തുവിന്റെ ജനന ദിവസം തങ്ങളുടെ തങ്ങളുടെ കാലിക്കൂട്ടങ്ങളിൽ നിന്ന് തങ്ങൾക്ക് പരിചയമില്ലാത്ത മറ്റൊരു കാലിക്കൂട്ടത്തിലേ ക്കാണ്. സ്വന്തമെന്ന് കരുതിയിരുന്ന ഒരു വലിയ കാലി കളെ തനിയെയാക്കി ഇടയന്മാർ ആ യാത്രയ്ക്ക് പുറപ്പെ ടുമ്പോൾ എല്ലാ കാലത്തും രക്ഷകന്റെ പിറവി നമുക്ക് സ്വന്തമായി ഒന്നുമില്ല എന്ന ഓർമ്മയാണ് തരുന്നത്. സ്വന്തമെന്നു കരുതുമ്പോഴും നിയോഗത്തിന്റെ വഴികളെ ദൈവം പരിചയപ്പെടുത്തിയാൽ എങ്ങനെയാണ് പിന്നെ സ്വന്തമെന്ന് കരുതുന്നതിൽ നിൽക്കുവാൻ കഴിയുന്നത്. ദൈവം ഭൂമിയെ സ്നേഹിച്ച ദിവസത്തിൽ നിങ്ങളാണ് സുഹൃത്തുക്കളെ ഈ ഭൂമിയിൽക്കൂടി കൂടുതൽ നടന്നത്.

നക്ഷത്രം വന്നത് മുതൽ ആടുകൾക്ക് മറ്റാരോ ഒരാൾ കൂട്ടുണ്ട്, ഇടയന്മാർ മടങ്ങിവരുവോളം മിണ്ടാനും, പറയാനും.

കഥ പറഞ്ഞു, പാട്ടുപാടി...

ഇതിനിടയിൽ ആടുകൾ തമ്മിൽ ചോദിച്ചു നമ്മുടെ മുകളിലെ ആകാശം ഇത്രമേൽ സുന്ദരിയാണോ...?

കൂട്ടത്തിൽ ഒരാട് പറഞ്ഞു തെരുവിനെ അലങ്കരി ക്കാൻ ആകാശത്തിനെ കഴിയൂ, അവിടെ മനുഷ്യർക്ക് രാപ്പാർക്കാൻ കൂടുകളില്ല. മനുഷ്യരില്ലാത്ത ഇടം അത് അതിൽ തന്നെ സൗന്ദര്യമാണ്.

ഇടയന്മാർ തിരികെ വരുന്നതുവരെ ആടുകളോടു വിണ്ണൊരു പറഞ്ഞു:

ആടുകളെല്ലാം മാനത്തേയ്ക്കുതന്നെ നോക്കി നിൽ ക്കുന്നു. മാലാഖ ബദലഹേമിന്റെ, അത്ഭുതശിശുവിന്റെ, മറിയം ജോസഫ് കഥ അവരെ വിവരിക്കുന്നു. ആ കഥ ഓർമ്മയിൽ, ധ്യാനത്തിൽ തങ്ങളുടെ ഇടയർ പോയ തെരുവോരം ആടുകളും സഞ്ചരിച്ചു, ഉണ്ണിയെ മറ്റു കുറെ ആടുകൾക്കിടയിൽ അവർ കണ്ടു...

അന്നാണ് അവർ (ആടുകൾ) തിരിച്ചറിഞ്ഞത് ഇട യിലില്ലാത്ത ആളുകൾ ആ തെരുവിൽ ഇന്നും ഉണ്ടെന്ന്.

**കഥക്കിടയിൽ ഒരു കുറിപ്പ്:**

ആ യാത്ര മുതൽ ആടുകൾ അന്നുവരെ കണ്ടിട്ടി ല്ലാത്ത ഇടയനെ അനുഭവം കൊണ്ട് അറിഞ്ഞു.

ആ പുലരിവരെ ആടുകൾ അന്യോന്യം എന്താണ് സംസാരിച്ചത് അസാധാരണമായി തങ്ങളുടെ ഇടയന്മാർ തങ്ങളെ വിട്ടുപോയ ആ വലിയ കഥ...

തെരുവിൽ പിറന്ന ഇടയനെക്കുറിച്ച്...

തങ്ങളെ കാവൽ കാത്തിരുന്ന ഇടയന്മാർ തങ്ങ ളുടെ ഇടയനെ കാണാൻപോകുന്ന ആ വലിയ ഇടയകഥ...

തങ്ങളുടെ ശിരസുയർത്തി ബദലഹേമിലെ പിറ വിയെ മാലാഖമാർക്കൊപ്പം അവർ അറിഞ്ഞു...

ഒരു പാട്ട്...

കൂട്ടത്തിൽ ഒരാട് മാലാഖ പാടിയ ആ പാട്ടിന്റെ വരികൾ ഏറ്റുപാടി. 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ഇടയർ നഷ്ടപ്പെട്ട ആടുകൾക്ക് സമാ ധാനം'.

തങ്ങൾക്ക് ജീവൻ നൽകാൻ, കവലായിരുന്നവർ ആ കുഞ്ഞിനെ കാണാൻ പോയപ്പോൾ സംരക്ഷണത്തിന്റെ ആ മൂന്നാമത്തെ കണ്ണ് വീണ് തുറന്നു പിടിച്ചു.

സുഹൃത്തേ, മാനത്തേക്ക് നോക്കി ഓർമ്മയിൽ തങ്ങിനിൽക്കുന്ന ആ രാത്രിയുടെ രണ്ടുവരി സ്വയം പാടുക...

നാം കയ്യടക്കാത്ത ഇടങ്ങൾ ദൈവത്തിന്റെ പിറവി രഹസ്യങ്ങൾ മാലാഖമാർ പാടുന്നു.

□

ലേഖനം

ഡോ. മിലാനി മേരി പോൾ
Consultant Ophthalmologist
St. George Hospital, Muvattupuzha



# കൈവരികളില്ലാത്ത ഹൃദയപാതകൾ

ഒരു ഇലാഹി പ്രണയത്തിന്റെ ഈരടികൾ ഇങ്ങനെയായിരുന്നു...

'എനിക്ക് വേണ്ടത് പർവ്വതങ്ങളെ നീക്കുന്ന... കടലിനെ പകുക്കുന്ന..കാറ്റിനെ ഉലയ്ക്കുന്ന... മേഘഗർജ്ജനങ്ങളെക്കാൾ ആവൃത്തിയുള്ള... മരിച്ചവരെ ഉയിർക്കുന്ന... നമ്മെ ഉന്മാദത്തിലാഴ്ത്തുന്ന... നിത്യതയുടെ നിശബ്ദ സ്വരം പോലൊരു സ്നേഹം...'

അനശ്വരതയുടെ ആത്മാവറിഞ്ഞ ഒരു സൂഫി ഗായകൻ ഈണമിട്ടതത്രയും അനന്തമായ അതിരളവുകളില്ലാത്ത ഒരു സ്നേഹത്തെപ്പറ്റി മാത്രമായിരുന്നു.

അരണ്ട മുറികളിലുറങ്ങുന്ന ഹൃദയങ്ങളിലേക്ക് മേൽക്കൂരകളും ഭിത്തികളും തുളച്ചിറങ്ങുന്ന ഒരു ദിവ്യ വെളിച്ചത്തെയോർത്ത് കവിത പാടുന്നുണ്ട് റൂമി...

'I love you... And that's the beginning and end of everything...' എന്നത് എഫ് സ്കോട്ട് എന്ന വിശ്വവിഖ്യാതനായ എഴുത്തുകാരൻ, തന്റെ പ്രിയതമ സെൽഡയ്ക്കെഴുതിയ മനോഹരമായ കത്തുകളിലെ വരികളാണ്.

Age of Adelein എന്ന ഇംഗ്ലീഷ് ചിത്രത്തിലെ ഒരു മുഹൂർത്തമാണ് ഇത് വായിച്ചപ്പോൾ മനസ്സിൽ നിറഞ്ഞാടിയത്.

വലിയ ഒരപകടത്തിൽ നിന്നും അത്ഭുതകരമായി ജീവിതത്തിലേക്ക് തിരിച്ചുവന്ന ഒരു യുവതി. ആഘാതത്തിനുശേഷം വാർദ്ധക്യത്തെ തടഞ്ഞു നിർത്തുവാൻ പ്രാപ്തമായ ജീനുകൾ അവളുടെ കോശങ്ങളിൽ ഉടലെടുക്കുകയാണ്.

പ്രായം, നിത്യയൗവനം, സമയം എന്നിവയുടെ ക്രിയാത്മകമായ സങ്കലനത്തിൽ പകച്ചുപോയ ഒരുവളുടെ മിടിപ്പുകളെ ഒപ്പിയെടുത്ത ചിത്രം.

107 ഇലും ഒരു 29 കാരിയായി തുടരുന്ന അവളോട് എല്ലാം അറിഞ്ഞതിനു ശേഷവും അയാൾ പറഞ്ഞത് അളവില്ലാത്തൊരു സ്നേഹത്തെപ്പറ്റിയാണ്.

'തുടക്കവും ഒടുക്കവും നീ തന്നെ' എന്ന തീക്ഷ്ണ വരിയിൽ ഹൃദയം നിറയുന്നു.

പ്രണയം അങ്ങനെയും...

കുറവുകളോ കണക്കുകളോ വെയ്ക്കാതെ...

ഓർമ്മകൾക്ക് ക്ഷതമേൽക്കുമ്പോൾ പോലും ചിലർ അനന്യമായ സ്വന്തം കഴിവുകളെ ചേർത്തുപിടിക്കുന്നുണ്ട്. സ്വയം കൈവിടാതെ...

വില്യം ഉട്ടർമോഹ്ലെൻ എന്ന അമേരിക്കൻ ആലകാരിക കലാകാരൻ.

തനിക്ക് അൽഷിമേഴ്സ് രോഗം നിർണ്ണയിച്ചതിനു ശേഷം അഞ്ചു വർഷത്തോളം സെൽഫ് പോർട്രൈറ്റുകളിലൂടെ തന്റെ രോഗാവസ്ഥയെ വരച്ചു കാട്ടിക്കൊണ്ടേയിരുന്നു. ആദ്യവർഷങ്ങളിലെ മുഖചിത്രങ്ങളിൽ തെളിഞ്ഞ ചെറിയ വൈകൃതങ്ങൾ പിന്നീടുള്ള ചിത്രങ്ങളിൽ, രോഗമൂർച്ഛയിൽ വേർതിരിക്കാനാവാത്തതും വിശദീകരിക്കാനാവാത്തതുമായ വരകളുടെ നിറമില്ലാത്ത അവതരണം മാത്രമായി തീർന്നിരുന്നു. ഇന്നിത് അൽഷിമേഴ്സെന്ന മറവിരോഗത്തിന്റെ വിവിധ ഘട്ടങ്ങളുടെ രേഖാചിത്രമായി കണക്കാക്കപ്പെടുന്നു.

ഒരു രോഗത്തിന്റെയും കണക്കിൽപ്പെടാതെ ഒരാൾ അവസാനം വരെ തന്റെ കലാരൂപംകൊണ്ട് പോകാൻ ശ്രമിക്കുന്ന കഥയാണ് മുകളിൽ.അയാൾ അതീവ ദുഃഖിതൻ ആയിരുന്നെങ്കിലും ജീവിച്ചിരുന്ന ഓരോ നിമിഷവും തലച്ചോറിൽ അവശേഷിച്ചിരുന്ന ഓർമ്മയുടെ ഓരോ കോശങ്ങളെയും ലാളിച്ചു കൊണ്ടേയിരുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവ്.

സ്വയം നഷ്ടപ്പെടുന്ന നിമിഷങ്ങളിലും സ്വയം നേടിയെടുക്കുന്നുണ്ട് ചിലർ.

സഹനത്തിലും ജീവിതത്തെ സ്നേഹിക്കുക എന്നത് കണക്ക് വെയ്ക്കാതെ പാലിച്ചവർ..!

അർത്ഥപൂർണ്ണമായ ജീവിതത്തിന് ഒരളവ് കോലുകളും ആവശ്യമില്ല എന്ന ബോധ്യമുള്ളവരുടെ ഹൃദയം സദാ പുഞ്ചിരിക്കുന്നുണ്ട്.

പാകിസ്ഥാനിലെ മലയോര പ്രദേശമായ ഹുൻസ.

മലമുകളിൽ ആളനക്കമുണ്ട്.

കല്ലുകൊണ്ടും പാറകൊണ്ടും കെട്ടിയെടുത്ത ആ കുഞ്ഞു വീടിന് മുൻപിൽ 'ഘോഷോ സുൻ' എന്നെഴുതി വെച്ചിട്ടുണ്ട്.

ഒരു 'ഹിപ്പി കിച്ചൻ' ആണ്. ഹോഷോ എന്ന മനുഷ്യസ്നേഹിയുടെ പരമ്പരാഗത രീതിയിലുള്ള അടുക്കള.

അയാൾ ചൂടോടെ ഉണ്ടാക്കുന്നതൊക്കെയും വരുന്നവർക്കും വിളമ്പുന്നു. അതാണ് പതിവ്. യാതൊരു വിധ മുന്നൊരുക്കങ്ങളോ അളവുകളോ പാചകത്തിൽ അയാൾ പാലിക്കുന്നില്ല.

ഉള്ളത് എന്തൊ അതെല്ലാവരും ഒന്നിച്ചിരുന്നു സന്തോഷത്തോടെ കഴിക്കും. വിശേഷങ്ങൾക്കൊപ്പം സ്നേഹവും പകുക്കും.

ചുറ്റിനുമുള്ള പർവ്വതനിരകളിലേക്ക് നോക്കി സമാധാനം ശ്വസിക്കും.

മനുഷ്യർ മനുഷ്യരെ അശ്വസിപ്പിക്കുന്നതിന് അതിരുകളില്ല എന്ന് സാക്ഷ്യം പാടുന്ന മലഞ്ചരിവുകളും,

മണ്ണും, തണുത്ത കാറ്റും.

പരിധികളെയും പരിമിതികളെയും ഓർമിപ്പിച്ചു കൊണ്ടാകരുത് സ്നേഹം എന്നതിനോട് ഈശ്വരന്മാർ പോലും യോജിക്കുന്നുണ്ട്.

ഒരു കൃഷ്ണ ഭക്തയുടെ കഥ കേട്ടു.

അവളുടെ തീവ്രഭക്തിയിൽ തൃപ്തനായി വൃന്ദാവനത്തിലെ ഭവനത്തിൽ അവൾക്കൊപ്പം ഉണ്ണിക്കണ്ണൻ സമയം ചിലവഴിച്ചു... അവളുടെ ഗൃഹ പരിസരങ്ങളിൽ ഓടി നടന്നു.. മാതൃഭാവനയുടെ വർണ്ണനകൾക്കുമതീതമായി കണ്ണനെയവൾ ചേർത്തുവച്ചു... കൊഞ്ചിച്ചു...

അങ്ങനെയിരിക്കെ വീടിനകത്ത് ഒരു പൂച്ചയെ കണ്ട കണ്ണൻ പരിഭ്രമിച്ച്, അവളെയുറക്കെ വിളിക്കുന്നു. മറ്റാരോടോ സംവാദത്തിലായിരിക്കെ ഈ കരച്ചിൽ അവൾ കേൾക്കുന്നുണ്ട്.

എന്നാൽ അത്ര ഗൗനിക്കാതെ അവൾ പിന്നെയും സംഭാഷണത്തിലേർപ്പെടുന്നു... വീണ്ടും നിർത്താതെയുള്ള നിലവിളികൾ കേൾക്കുമ്പോൾ കണ്ണനെ അവൾ ശകാരിക്കുകയാണ്.

'നിന്റെ കയ്യിൽ സുദർശന ചക്രം പിന്നെന്തിന്...? അതുപയോഗിക്കൂ...' എന്നവൾ ഒരു നിമിഷത്തെ ഈർഷ്യയിൽ പറഞ്ഞു പോവുകയാണ്...!

അതോടെ കൃഷ്ണൻ തന്റെ തൽസ്വരൂപമായി മാറുന്നു.

'ഇത്രയും നാൾ ഒരു അതിർവരമ്പുകളും ഇല്ലാതെ, ഈശ്വരൻ എന്ന പരിഗണനയില്ലാതെ, മുൻവിധികളില്ലാതെ, നീയെന്നെ മകനെപ്പോലെ സ്നേഹിച്ചു. പക്ഷെ ഇപ്പോൾ എന്റെ ദൈവീകവരങ്ങളെപ്പറ്റി നീ തന്നെ എന്നെ ഓർമ്മപ്പെടുത്തിയിരിക്കുന്നു. വൃന്ദാവനത്തിലെ നീലബാലനിൽ നിന്നും പരമാത്മാവായ എന്റെ സ്വത്വ ബോധത്തിലേക്ക് എനിക്ക് മടങ്ങിയെ തീരൂ... ഞാൻ പോകുന്നു...'

അതിരുകളെ പേർ ചൊല്ലി വിളിച്ചതും കൃഷ്ണന്റെ തേജസ്സ് അവളുടെ സ്നേഹപരിസരങ്ങളിൽ നിന്നും മാഞ്ഞു പോയെന്നാണ് കഥ.

ശബ്ദങ്ങളുടെയോ വാക്കുകളുടെയോ ചുവരില്ലാതെ നിത്യതയെ വരച്ചു കാട്ടാൻ സാധിക്കുന്ന പ്രതലമാണ് ശാന്തതയിൽ ആമഗ്നമായ നിശബ്ദത.

ബുദ്ധചരിതത്തിൽ അതൊരു എണ്ണച്ചായ ചിത്രം പോലെ പലയിടത്തും തെളിഞ്ഞ് നിൽക്കുന്നു.

പുലരിയാണ്.

ഉറക്കച്ചടവോടെ കൺതുറക്കുന്ന മൺകുടിലുകളുടെ വൈക്കോൽ തലപ്പാവുകൾക്ക് ചുംബനം നൽകി പുണരുന്ന ആദികിരണങ്ങൾ.

നിശബ്ദതയുടെ പദചലനങ്ങൾ പോലെ ഗ്രാമവഴിയിലൂടെ നടന്നുവരുന്ന ബുദ്ധനും ശിഷ്യരും.

തീയാളുന്ന കണക്കെ ചുവന്ന അങ്കികളുടെ ഉലച്ചിലുകൾ പുലരിമഞ്ഞിനെപോലും നോവിക്കാതെ മൗനമായി അടർത്തി മാറ്റുന്നു...

ഒരു പാവം വൃദ്ധ.

ദൈവദർശനം പോലെ അവൾ ഈ കാഴ്ചയിൽ പ്രാർത്ഥനാഭരിതയായി നിൽപ്പുണ്ട്.

കയ്യിലാകെയുള്ളത് ഒരുപിടി അരി മാത്രം.

അവളത് വേഗത്തിൽ കൊണ്ടുപോയി ബുദ്ധയുടെ കൈയിലുള്ള കൊച്ച് പാത്രത്തിലേക്ക് ഇടുകയാണ്.

നിശബ്ദമായി, നിറവോടെ, അലിവോടെ ബുദ്ധ അവളെയൊന്നു നോക്കുക മാത്രം ചെയ്തു.

ആ നോട്ടത്തിൽ അവൾ ആത്മാനന്ദത്തിന്റെ അതിരുകളില്ലാത്ത ആഴവും അനുഗ്രഹത്തിന്റെ നിറവും അറിയുകയാണ്.

ഭിക്ഷുക്കൾ മുൻപോട്ട് നടന്നു നീങ്ങുന്നു.

കതകിന്റെ വിടവിൽ കൂടി കുഞ്ഞുമക്കളുടെ കണ്ണുകൾ അവരെ ആശ്ചര്യപൂർവ്വം നോക്കി നിന്നു... മൃഗങ്ങളൊക്കെയും ആ ദിവ്യദർശനത്തിന്റെ നിറവിൽ നിമിഷങ്ങളോളം നിശ്ചലരായി നിന്നു...

അവർ വനത്തിലേക്ക് പ്രവേശിക്കുന്നതുവരെ ആ ഗ്രാമം മുഴുവൻ മറ്റെല്ലാം മറന്ന് അവർക്കൊപ്പം ശ്വസിച്ചു.

ഒരു പിടി അരിയിൽ കോറിയിട്ട നിത്യതയുടെ അനുഭവം.

കുറവുകളുടെ അടയാളപ്പെടുത്തലുകളില്ലാതെ അനന്തമായ പ്രശാന്തിയിലേക്കുള്ള പ്രയാണം.

മനുഷ്യൻ ഏർപ്പെടുന്ന കണക്കുകൾക്ക് ഭാരവും കനൽ ചൂടുമുണ്ട്.

വർഷവിളുമ്പിലെ നോവുന്ന തണുപ്പിൽ ഓർത്തു വെയ്ക്കേണ്ട ഒന്ന്. ശൂന്യതയിൽ തുടക്കമിട്ട പ്രയാണങ്ങൾ നിത്യതയിലേക്കുള്ള നേർരേഖയായി മാറുന്നുവെന്ന് ഭൗതികശാസ്ത്രം പറയുമ്പോൾ ഓരോ നിശ്ചയമില്ലായ്മയും പ്രശാന്തതയിലേക്കുള്ള കൈവരികളില്ലാത്ത വഴിത്താരകൾ ആണെന്ന ബോധ്യം ഉള്ളിലുറഞ്ഞു കൂടണം.

Love endlessly എന്നാണ് ഉപാധിയില്ലാത്ത സ്നേഹത്തെ പ്രകീർത്തിച്ച ഓരോ വലിയ മനസ്സും നമ്മോട് മന്ത്രിക്കുന്നത്.

മഞ്ഞുകാലമാണ്.

രണ്ടായിരം വർഷങ്ങൾക്കുമുൻപ് ഒരു ദേശത്തിന്റെ കണക്കെടുപ്പിൽ പങ്കുചേരുവാനായി ഒരു കുടുംബം യാത്ര തിരിക്കുന്നു.

നിറവയറിൽ ഒരു ജനതയുടെ രക്ഷകൻ മയങ്ങുന്നുണ്ട്.

വേണ്ട... കണക്കെടുപ്പുകൾക്കൊന്നും അർത്ഥമില്ല.

ഒരു രേഖകൾക്കുള്ളിലും വരച്ചിടാനാകാത്ത ഒരു സ്നേഹം ഭൂമിയിൽ ഉടലെടുക്കുകയാണ്.

അതുവരെ കരുതിവെച്ചതും കണക്കു കൂട്ടിയതുമൊക്കെ തെറ്റിച്ചുകൊണ്ട് ലോകരക്ഷകൻ അതിരുകളില്ലാത്ത ഒരു സ്നേഹഗാഥ സ്വയം രചിക്കുവാനായി പിറന്നിരിക്കുന്നു...

ചട്ടങ്ങളോ പരിധികളോ, ചരടോ തിരശ്ശീലയോ ഒന്നുമില്ലാത്ത ഒരു ദൈവത്തിന്റെ അരങ്ങിൽ, അലിവൻപുകളുടെ പുണ്യഗാഥകൾ പകർന്നാടുന്ന ഡിസംബറിന്റെ നീലരാവുകൾക്ക്...

സ്തുതി... സ്തോത്രം... □

ലേഖനം

ജെ. ക്രൈസ്റ്റ് വോൺ



# ക്രിസ്തുമസ് കഴുത



ആത്മീയതയുടെ പുതുവത്സരം തുടങ്ങുന്നത് പിറവിയിലല്ല കാത്തിരിപ്പിലാണ് എന്നത് എത്ര നല്ല വിചാരമാണ്. അങ്ങനെ അഡ്വെന്റ് സീസൻ/ആഗമനകാലം ആത്മീയതയുടെ പുതുവർഷപ്പിറവിയാകുന്നു. ഇതര ആത്മീയ ക്രമങ്ങളിൽ പറയുന്ന, ഗുരുവിലേയ്ക്കുള്ള ദീക്ഷയെന്നപോലെ, ക്രിസ്തുമസിലേക്കുള്ള കാത്തിരിപ്പ് നിഷ്ക്കളങ്കർക്ക് പ്രതീക്ഷയുടെ ദീക്ഷയാകുന്നു.

എന്താണ് ഈ അഡ്വെന്റ് സീസൺ നമ്മിൽ തിരഞ്ഞുവരുന്നത്? ചോദ്യം ധ്യാനമായി പരിണമിക്കുമ്പോൾ ഉത്തരമായി മുമ്പിലൂടൊരു പരേഡ് കടന്നുപോകുന്നു. സ്കൂൾ പട്ടാളക്കുട്ടികളാണ്, സ്കൗട്ട്സ് & ഗൈഡ്സ്. കൈയ്യിലൊരു സ്ളോഗൻ ബാനറുമുണ്ട്. 'be prepared' എന്നതാണ് വാക്യം. അതെ, ഒരുങ്ങിയിരിക്കുക എന്നത് മാത്രമാണ് ഈ കാലം ആവശ്യപ്പെടുന്നത്. 'എന്തിനെന്ന്' വ്യക്തമായവർക്ക് 'എങ്ങനെ'യെന്നത് നിയതി വ്യക്തിപരമായി തന്നെ വിട്ടു നൽകുന്നു.

കാലം നിങ്ങളിലെ കരുത്തനെ തേടുന്നുവെന്ന് കരുതുന്നിടത്ത് നമുക്ക് തെറ്റ് പറ്റുന്നു. അവിടുന്ന് നിഷ്ക്കളങ്കതമുറ്റിയ നിസ്സഹായരെ മാത്രം തേടുന്നു, നേടുന്നു.

'എല്ലാ നായകരും സാന്താ സ്യൂട്ട് ധരിക്കുന്നില്ല' (not all Hearos wear Santa suit) എന്നൊരു ടാഗ് ലൈനിൽ ഇറങ്ങിയ ഒരു ഷോർട്ട് ഫിലിം കണ്ടു. 'Carry the light' എന്നതാണ് പേരെന്ന് തോന്നുന്നു. സംഭവം ഒരു കഴുതയുടെ കഥയാണ്. എല്ലാ കഥകളിലേയും പോലെതന്നെ ഉപയോഗശൂന്യമായ ഒരു കഴുതയുടെ കഥയാണ്. മടിയനായതുകൊണ്ടല്ല, മറിച്ച് വയ്യായ്കയും വലിപ്പമില്ലായ്മയും കൊണ്ട് ഉടമക്ക് വേണ്ടാതായ ഒരു കഴുത.

വലുപ്പം കുറവായതിനാൽ ഒറ്റക്ക് ഒരു വണ്ടിവലിക്കാൻ കഴിയുന്നില്ല അതിന്. പലപ്പോഴും മലകയറുമ്പോൾ വണ്ടിഭാരം താങ്ങാൻ കഴിയാതെ അത് ഉയർന്നു പൊങ്ങി നുകത്തിൽ തൂങ്ങി നിന്നു. ഭക്ഷണമായി ബാർളി നൽകുമ്പോൾ മറ്റു കഴുതകളോടു മത്സരിച്ച് നേടാൻ കഴിയാതെ പലപ്പോഴും അത് പട്ടിണിയിലായി.

ചടച്ച് മെല്ലിച്ച് ഉയരം കുറഞ്ഞ കഴുതയെ ഉപേക്ഷിക്കാൻ തീരുമാനിച്ച ദിവസം ജോസഫ് എന്നൊരാൾ ആ വഴി വന്നു. കൂടെ നിറവയറുള്ള മരിയ എന്നൊരു പെൺകുട്ടിയും.

പതിമൂന്ന് വയസ്സ് മാത്രം പ്രായമുള്ള ഗർഭിണിയായ പെൺകുഞ്ഞിനെ ജോസഫ് തിരഞ്ഞെടുപ്പിന് അയച്ചു. ലായത്തിന് പുറത്ത് നിന്ന ആ ഉയരം കുറഞ്ഞ പാവം കഴുതയെ കണ്ട അവളുടെ ഉള്ളിലെ ശിശു കുതിച്ച് ചാടി.

അവളുടെ സ്വന്തമെന്ന് എന്തിനേയും തിരിച്ചറിയുന്ന വഴിയാണത്. നിറവയറിൽ കൈവെയ്ക്കുക. ഉള്ളിലുള്ളവൻ കുതിച്ച് ചാടിയാൽ അത് നിന്റെത് തന്നെ.

നീതിമാനായ ജോസഫ് അതിനെ വിലക്ക് വാങ്ങി.

വയർ നിറയെ അതിനെ അവരൂട്ടി. ആ ചെറിയ പെൺകുട്ടി പൊക്കം കുറഞ്ഞ ആ കഴുതപ്പുറത്ത് വളരെ കംഫർട്ടബിളായി ഇരുന്നു. അങ്ങനെ ആദ്യമായി രക്ഷകൻ കഴുതപുറത്ത് സവാരി ഗിരി ഗിരി നടത്തി.

നോക്കി നിൽക്കെ ലായത്തിന് പുറത്തേയ്ക്ക് തള്ളപ്പെട്ട ആ കഴുത ക്രിസ്തുമസ് കഴുതയായി മാറി. അങ്ങനെ ഈ കാലമാകട്ടെ ഉപേക്ഷിക്കപ്പെടുന്ന കഴുതകളെത്തേടി രക്ഷകൻ വരുന്ന കാലവും.

'വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോക ദൃഷ്ടിയിൽ ഭോഷൻമാരായവരെ ദൈവം തെരഞ്ഞെടുത്തു. ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും'. 1. കോറിന്തോസ് 1:27 വായിച്ചു തീരുമ്പോൾ ഉള്ളിലെ ലജ്ജ എന്തെന്നില്ലാതെ കനപ്പെടുന്നുണ്ട്.

ഇന്നുമെവിടെയോ ഒരു പെരുന്നാൾ ഒരുങ്ങുമ്പോൾ, പാട്ടിന്റെ പെർഫെക്ഷനുവേണ്ടി നമ്മൾ മാറ്റി നിർത്തിയ, ഇത്തിരി പിച്ച് തെറ്റിച്ച് പാടുന്ന ആ മോളെ ഒന്ന് നോക്കൂ. നമ്മുടെ പാട്ടിൽ പിറക്കാത്ത ഒരാൾ അവളുടെ ഹൃദയത്തിൽ പിറക്കുന്നത് അറിയൂ. എന്തു പറയുമ്പോഴും വിക്കുന്ന കൂട്ടുകാരന്റെ കവിതയിൽ ഉണ്ണി പിറന്നത് വായിച്ചു കണ്ണു നിറയൂ. ഒന്നും പഠിക്കാൻ പറ്റാത്ത വിധം ഓട്ടിസം ഉള്ള കൂട്ടുകാരന്റെ ചിരിയിൽ മഞ്ഞു പെയ്തു തുടങ്ങുന്നത് കാണുന്നില്ലേ? ഒക്കെയും അവൻ തേടി കണ്ടെത്തിയവരാണ്. അവരെ ചേർത്ത് പിടിക്കുക എന്നത് ഇനി നിങ്ങളുടെ ആവശ്യമാണ്, അവരുടെയല്ല!

പലവട്ടം നിങ്ങൾ കേട്ട കഥയെങ്കിലും ഒരിക്കൽ കൂടി പറഞ്ഞുപോകാൻ തോന്നുന്നു. ഒരു സ്പെഷ്യൽ സ്കൂളിൽ കലാപരിപാടികൾ നടക്കുകയാണ്. 'പിറവി' എന്ന നാടകം കുട്ടികൾ ഒരു വിധം ഒപ്പിച്ചു വരികയാണ്. നിറവയറായ മറിയത്തെയും കൂട്ടി ജോസഫ് സത്രത്തിന്റെ വാതിൽക്കൽ മുട്ടുകയാണ്.

'ഇവിടെ മുറിയില്ല!'.

പക്ഷേ ജോസഫ് രണ്ടാം വട്ടം ചോദിക്കുന്ന സീനിൽ കളിമാറുകയാണ്.

ഓട്ടിസം ഉള്ള ആ കുട്ടി കരഞ്ഞുകൊണ്ട് നിറവയറുള്ള മേരിയെ നോക്കി പറഞ്ഞു 'ഞാൻ മുറി തരാം ഇവിടെ താമസിച്ചുകൊള്ളൂ'.

നാടകം പൊട്ടി! നമ്മുടെ ഹൃദയവും!

ഇത് വരെ നമുക്കറിയാവുന്ന കാര്യങ്ങളായിരുന്നു. പക്ഷേ ഒരിക്കൽ ഈ കഥ കേട്ട ഒരാൾ കണ്ണു നിറഞ്ഞ് കഥ പറയുന്നവനോട് തിരിച്ച് ചോദിച്ചു.

'ഇങ്ങിനെ ഒരു കുട്ടി ഉള്ള ഇടത്തിൽ എന്തിനാണ് രക്ഷകൻ പിറക്കുന്നത്?'

ആ ചോദ്യം ഇപ്പോഴും സമാന്തര ചിന്ത ഉള്ളിൽ നിറയ്ക്കുന്നുണ്ട്. രക്ഷകൻ വീണ്ടും വരേണ്ടതുണ്ടോ? അത്രയും നിഷ്കളങ്കരും നിർമ്മമരും നീതിമാൻമാരും ഉണ്ടെങ്കിൽ പിന്നെ എന്തിന്? ഒരു പക്ഷേ ആ കുട്ടി നമ്മെ വെല്ലുവിളിക്കുന്നതാവാം 'പുറത്തൊരു രക്ഷകൻ പിറക്കേണ്ടതില്ലാത്ത വിധത്തിൽ അകത്തെ നിഷ്കളങ്കതയിൽ നമുക്ക് ജീവിക്കാൻ സാധിക്കുമോ'?

ഒരു കൂട്ടുകാരൻ ഓർമ്മയിൽ വരുന്നുണ്ട് സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകനാണ്. കഴിഞ്ഞ വർഷം സ്കൂളിൽ ഒരു പ്രസംഗം തുടങ്ങിയത് ഇങ്ങനെയാണ്.

'നിഷ്ക്കളങ്കരായ കുഞ്ഞുങ്ങളേ, ഇവരുടെ നിഷ്ക്കളങ്കതയിൽ തോറ്റുപോയിരിക്കുന്ന ബാക്കിയുള്ളവരേ, വന്ദനം'

അതെ, ഈ നിഷ്കളങ്കത തിരികെ പിടിക്കലാണ് രക്ഷയുടെ ഏകവഴി.

വൈലോപ്പള്ളി കൃഷ്ണാഷ്ടമിയിൽ എഴുതിയ ഒരു വരി ഓർമ്മ വരുന്നു.

'വിശ്വപിതാവാം നീ ഈ ഞങ്ങടെ
കൊച്ചു കിടാവായ് വന്നല്ലോ
ഞങ്ങടെ പുണ്യമിതല്ലെന്നാലും
നിൻ കരളേലും കാരുണ്യം'

കവിതയിലെ പോലെ തന്നെ അവിടുന്ന് കരുണയാൽ നമ്മെ തേടി വന്നേക്കാം.

മാറാനാത്താ! അകത്തേക്കായാലും പുറത്തേക്കായാലും കർത്താവേ നീ വേഗം വരേണമേ! □

## വലിയ പെരുന്നാൾ ആഘോഷം





## വിവാഹം



നമ്മുടെ ഇടവകയിൽ വരികപ്പള്ളിൽ റോയ് അബ്രഹാമിന്റെയും സുജ റോയിയുടെയും മകൻ **റീബു റോയിയും** കുന്നംകുളം സെന്റ് ലാറൻസ് ഓർത്തഡോക്സ് പഴയപള്ളി ഇടവകയിൽ തോലത്ത് ഷെറി തോലത്തിന്റെയും സ്മിത ഷെറിയുടെയും മകൾ **മെറി എസ്. തോലത്തും** 2025 ഒക്ടോബർ 26 ന് വിവാഹിതരായി.

## സാന്തോം മീറ്റിലേക്ക് ഒരു തിരിഞ്ഞുനോട്ടം



## ആദരാഞ്ജലികൾ



**ആനി ജോർജ് (80)**
കുളങ്ങരയിൽ
മൂവാറ്റുപുഴ



**കെ. പി. ജേക്കബ് (90)**
കുളങ്ങര (ജേക്കബ് മെഡിക്കൽസ്)
മൂവാറ്റുപുഴ



**അമ്മിണി ഐസക് (77)**
കുളങ്ങര
മൂവാറ്റുപുഴ

# ST. THOMAS CATHEDRAL, MUVATTUPUZHA

## Calendar & Prayer Meeting Schedule

### JANUARY

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

04 John Geevarghese, Kattoor Puthenveedu Mob: 9562448953
11 Anil P. Y.,Peedikakudiyil House, Mob: 94473 29229
18 A. P. Shaji, Alattukudiyil, Mob: 9447329172
25 Saji John, Neerumthanath, Mob: 9447355179

### FEBRUARY

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |

01 Smt. Leela Dominic Thalachira, Mob: 9961127450
08 Mathew Koshy, Vadakemetethil, Mob: 9745512398
15 Baby A. T., Ellil, Mob: 9249294295
22 Mathew Johnson, Chalayil, Avoly Mob: 94449 35790

### MARCH

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

01 T. V. Thomas, Thekkekudiyil Mob: 9745842510
08 Thankachan, Nettorkoottuputhenpura Mob: 9447118877

## 2025 ലെ ക്രിസ്തുമസ് കരോൾ സംഘം



എറണാകുളം-പെരുമ്പാവൂർ റോഡ്



ആരക്കുഴ റോഡ്



തൊടുപുഴ-കിഴക്കേക്കര റോഡ്



കോട്ടയം റോഡ് റോഡ്



ടൗൺ വാർഡ്



പിറവം റോഡ്